പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :469 03.03.2020 ലെ മറുപടിക്ക്

**സഹകരണ സംഘങ്ങളിലെ ചകിരി സംഭരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ചകിരി സംസ്ഥാനത്ത് നിന്ന് തന്നെ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ചകിരി സംഭരിക്കുന്നതിന് എന്ത് തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;<br><br>ബി) കയർ സൊസൈറ്റികൾക്ക് ആവശ്യമായ ചകിരി സംസ്ഥാനത്ത് നിന്ന് തന്നെ ശേഖരിക്കുവാൻ സാധിക്കുമോ; ഇതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | എ) & ബി)<br>കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ചകിരി പൂർണ്ണമായും സംസ്ഥാനത്തികത്ത് നിന്നുതന്നെ നിലവിൽ ലഭിക്കുന്നില്ല. 2015-16 കാലയളവിൽ കേരളത്തിലെ ചകിരി ഉല്പാദനം 6498.51 കി.ആയിരുന്നു. എന്നാൽ 2018-19 ൽ ഇത് 30988.00 കി. ആയി വർദ്ധിച്ചിട്ടുണ്ട്. 2015-16 നുശേഷം സർക്കാർ നടപ്പിലാക്കിയ കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി കേരളത്തിലെ ചകിരി ഉല്പാദനത്തിൽ 2015-16 നെ അപേക്ഷിച്ച് 376% വർദ്ധനവ് ഉണ്ടാക്കുവാൻ സാധിച്ചു.<br><br>കയർ മേഖല സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു. സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ |

| | |
|---|---|
| | ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ (എ.എസ്.എം.) സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം. കൾ സ്ഥാപിച്ചു കഴിഞ്ഞു. 31/03/2020 ൽ 620 എ.എസ്.എം. കൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം. കൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ